

# ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പരിശീലനം




**എസ്. ഹരികിഷോർ ഐ എ എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


ഗ്രാമീണമേഖലയിലെ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഡി.ഡി.യു.ജി.കെ.വൈ (ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന) പദ്ധതിയുടെ നിർവ്വഹണത്തിനിടയിലാണ് ഇത്തരമൊരു ആശയം നടപ്പാക്കുന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചത്. ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്വന്തമായി ഉപജീവനമാർഗ്ഗം കണ്ടെത്താൻ സഹായിച്ച് അവരുടെ ജീവിതത്തിൽ സന്തോഷം പകരാൻ സാധിച്ചാൽ അത് വലിയൊരു സഹായകമാകും എന്ന ചിന്തയാണ് ഈ തുടക്കത്തിലേക്ക് ഞങ്ങളെ നയിച്ചത്. ശാരീരിക –



മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ ജോലി ചെയ്യാൻ പ്രാപ്തരായവർക്കായി പ്രത്യേക പരിശീലനം എന്നതായിരുന്നു ഈ ആശയം.

ഇന്ന് ഇപ്രകാരം പരിശീലനം നൽകുന്ന രണ്ട് പരിശീലന സ്ഥാപനങ്ങൾ ഞങ്ങൾക്കുണ്ട്. സമർത്ഥൻ ട്രസ്റ്റും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസും. ശാരീരിക-മാനസിക വെല്ലുവിളി നേടുന്നവർക്ക് പ്രത്യേക സൗകര്യങ്ങളൊരുക്കിയ പരിശീലന കേന്ദ്രങ്ങളാണ് ഇവിടങ്ങളിലുള്ളത്. രാജഗിരിയിൽ ബുക്ക് ബൈൻഡിങ്, ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളും സമർത്ഥനിൽ കസ്റ്റമർ റിലേഷൻസ് മാനേജർ ഡൊമസ്റ്റിക്- വോയ്സ്, നോൺ വോയ്സ് എന്നീ കോഴ്സുകളുമാണ് പഠിപ്പിക്കുന്നത്. മൂന്ന് മാസം ദൈർഘ്യമുള്ള ഈ കോഴ്സുകൾ പൂർണ്ണമായും റസിഡൻഷ്യലാണ്

ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മൂന്ന് ശതമാനം സംവരണമുണ്ട്. ഇതുപ്രകാരം ഇതുവരെ 458 പേർക്ക് വിവിധ കോഴ്സുകളിലായി പരിശീലനം നൽകിയിട്ടുണ്ട്. എന്നാലും ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി മാത്രമായി പ്രത്യേക ബാച്ചുകൾ ആരംഭിച്ച് പരിശീലനം നടത്തിയാൽ നിരവധി ഗുണങ്ങളുണ്ടെന്ന് ഞങ്ങൾക്ക് മനസ്സിലായി. അവർക്ക് വേണ്ടി മാത്രം കൂടുതൽ കോഴ്സുകൾ നൽകി പരിശീലനം നൽകുക, ജോലി നൽകാൻ കേന്ദ്രീകൃതമായ ശ്രമം നടത്താൻ കഴിയുക, വെല്ലുവിളികൾ നേരിടുന്നവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനം ചിട്ടപ്പെടുത്തുക എന്നിങ്ങനെയുള്ള നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നുമൊക്കെ കരുതിയാണ് ഇപ്രകാരം പ്രത്യേകമായ ബാച്ച് തുടങ്ങാൻ ഞങ്ങളുടെ ടീം മുൻകൈയെടുത്തത്.

രാജഗിരി, സമർത്ഥൻ എന്നീ രണ്ട് സ്ഥാപനങ്ങളിലുമായി പ്രത്യേക ബാച്ച് വഴി പരിശീലനം പൂർത്തിയാക്കിയ 186 പേരിൽ 99 പേർക്ക് വിവിധ സ്ഥാപനങ്ങളിലായി ജോലി ലഭിച്ചുവെന്നതുതന്നെയാണ് ഞങ്ങളുടെ ടീമിന്റെ ഏറ്റവും വലിയ സംതൃപ്തി.